**പതിനഞ്ചാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 56** **16-09-2025-ൽ മറുപടിയ്ക്ക്**

**ദുരന്തങ്ങളുടെ പേരിൽ ജനങ്ങളിൽ നിന്നും പണപ്പിരിവ് നടത്തുന്നതിനെതിരെ നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ജോയി

ശ്രീ. വി. ജോയി

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ദുരന്തങ്ങളുടെ പേരിൽ ജനങ്ങളിൽ നിന്നും വ്യപകമായി പണപ്പിരിവ് നടത്തുകയും ആയത് യഥാസമയം ദുരിതബാധിതർക്ക് നൽകാതെ കൈവശം സൂക്ഷിക്കുകയും ചെയ്യുന്ന സംഘടനകളെ സംബന്ധിച്ച് സർക്കാരിന് എന്തെങ്കിലും വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ;

**മറുപടി:** സംസ്ഥാനത്തുണ്ടായ ദുരന്തങ്ങളുടെ പേരിൽ ജനങ്ങളിൽ നിന്നും വ്യാപകമായി പണപ്പിരിവ് നടത്തുകയും ആയത് യഥാസമയം ദുരിതബാധിതർക്ക് നൽകാതെ കൈവശം സൂക്ഷിക്കുകയും ചെയ്യുന്ന സംഘടനകൾക്കെതിരെ കായംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1767/2024 U/s 318(4), 3(5) BNS പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കൂടാതെ, വയനാട്ടിലെ ചൂരൽമല- മുണ്ടക്കൈ ദുരന്തബാധിതരായ വ്യാപാരികളെ സഹായിക്കാനായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി എന്ന സംഘടനയുടെ മലപ്പുറം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ യൂണിറ്റുകൾ മുഖാന്തിരം രണ്ടു ഗഡുക്കളായി 12 കോടി രൂപ പിരിച്ചെടുത്തുവെന്നും അതിൽ 2.5 കോടി രൂപയാണ് ദുരന്തബാധിതർക്ക് വിതരണം ചെയ്തിട്ടുള്ളതെന്ന് വയനാട്ടിലെ വ്യാപാരികളിൽ നിന്നും അറിയാൻ കഴിഞ്ഞതെന്നും ആകെ പിരിച്ചെടുത്ത കണക്കുകൾ യൂണിറ്റ്/ ജില്ലാ നേതൃത്വത്തോട് ചോദിച്ചപ്പോൾ പരസ്പര വിരുദ്ധമായ മറുപടികൾ ആണ് ലഭിച്ചതെന്നും പിരിച്ചെടുത്ത തുകയും ബാക്കി തുകയും എപ്രകാരം വിനിയോഗിച്ചു എന്നതിനെ കുറിച്ച് യാതൊരു വിശദീകരണവും ഇല്ല എന്നും സർക്കാരിന് ഇതുമൂലം കോടികണക്കിന് രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്നും 2019 പ്രളയസമയത്തും ഈ സംഘടന കോടികണക്കിന് രൂപ പിരിച്ചെടുത്തിട്ടുണ്ടെന്നും ആയതിന്റെ കണക്കുകളെ കുറിച്ചും യാതൊരു പരാമർശവും ഇല്ലാത്തതാണെന്നും അതിനാൽ 2019 പ്രളയത്തിന്റെ പേരിലും വയനാട് ചൂരൽമല- മുണ്ടക്കൈ ദുരന്തത്തിന്റെ പേരിലും കേരള വ്യാപാരി വ്യവസായി ഏകോപന സമിതി മലപ്പുറം ജില്ലാ കമ്മിറ്റി സംസ്ഥാന വ്യാപകമായി പിരിച്ചെടുത്ത കോടികണക്കിന് രൂപയുടെ വിനിയോഗത്തെ കുറിച്ച് സമഗ്രമായ അന്വേഷണം നടത്തമെന്നും ആവശ്യപ്പെട്ട് മലപ്പുറം ജില്ലാ കളക്ടർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

**(ബി)** ഇത്തരത്തിൽ പണം പിരിക്കുകയും യഥാസമയം ദുരിതബാധിതരെ സഹായിക്കുകയും ചെയ്യാത്ത സംഘടനകൾക്കും വ്യക്തികൾക്കുമെതിരെ നിയമ നടപടികൾ സ്വീകരിക്കുമോ?

**മറുപടി:** പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**